"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആലപ്പുഴ ജില്ല - കേരള വാട്ടർ അതോറിറ്റിയിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലുമായി 2011-12 മുതൽ വിവിധ കുടിവെള്ളപ്രവർത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാതെ തിരികെ ലഭിച്ച തുക ഉപയോഗിച്ച് കുടിവെള്ള മേഖലയിൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആലപ്പുഴ ജില്ലാപഞ്ചായത്തിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.975/2025/LSGD തീയതി,തിരുവനന്തപുരം, 16-04-2025

---

പരാമർശം:-
1. ആലപ്പുഴ ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 21.08.2023--ലെ തീരുമാനം നമ്പർ 9(20) (SRG/ 881/24 - CC/5/24)
2. ആലപ്പുഴ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2024- ലെ TR-2476/20 നമ്പർ കത്ത്
3. 30.01.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.59

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റിയിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലുമായി 2011-12 മുതൽ വിവിധ കുടിവെള്ളപ്രവർത്തികൾക്കായി (ആകെ 33 പ്രവർത്തികൾ) ഡെപ്പോസിറ്റ് ചെയ്ത ഇനത്തിൽ ആകെ 1,86,45,224 രൂപ ആലപ്പുഴ ജില്ലാപഞ്ചായത്തിനു തിരികെ ലഭിച്ചിരുന്നു. മേൽ പറഞ്ഞ തുകയിൽ പൊതു വിഭാഗം ഫണ്ടും എസ്.സി.പി. ഫണ്ടും ഉൾപ്പെടുന്നുണ്ട്. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് കുടിവെള്ളത്തിനായി തന്നെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ച് പരാമർശം 1 ലെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

2. ആലപ്പുഴ ജില്ലാപഞ്ചായത്തിനു തിരികെ ലഭിച്ച തുകയിൽ എസ്.സി.പി വിഹിതം പട്ടികജാതി വിഭാഗത്തിന് പ്രയോജനപ്പെടുന്ന കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ എന്നും, അടുത്ത സാമ്പത്തിക വർഷം തന്നെ ഈ പ്രോജക്ടുകൾ പൂർത്തിയാക്കേണ്ടതാണെന്നുമുള്ള

വ്യവസ്ഥയിൽ കേരള വാട്ടർ അതോറിറ്റിയിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലുമായി 2011-12 മുതൽ വിവിധ കുടിവെള്ളപ്രവർത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ തിരികെ ലഭിച്ച തുക ഉപയോഗിച്ച് കുടിവെള്ള മേഖലയിൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആലപ്പുഴ ജില്ലാപഞ്ചായത്തിനു അനുമതി നല്കുന്നതിനു വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം 3 പ്രകാരം തീരുമാനിച്ചിരുന്നു

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. എസ്.സി.പി വിഹിതം പട്ടികജാതി വിഭാഗത്തിന് പ്രയോജനപ്പെടുന്ന കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ എന്നും, 2025-2026 സാമ്പത്തിക വർഷം തന്നെ പ്രോജക്ടുകൾ പൂർത്തിയാക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ കേരള വാട്ടർ അതോറിറ്റിയിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലുമായി 2011-12 മുതൽ വിവിധ കുടിവെള്ളപ്രവർത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത ഇനത്തിൽ ചെലവഴിക്കാതെ തിരികെ ലഭിച്ച തുക ഉപയോഗിച്ച് കുടിവെള്ള മേഖലയിൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആലപ്പുഴ ജില്ലാപഞ്ചായത്തിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHEEJA R S**

ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ആലപ്പുഴ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 16-04-2025 14:33:36

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്